**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1667** **31-08-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക സ്വയം പര്യാപ്തത കൈവരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷിക സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ? | (എ) | സംസ്ഥാനത്തെ കാർഷിക സ്വയംപര്യാപ്തമാക്കുവാൻ ഉദ്ദേശിച്ച് സംസ്ഥാന കൃഷി വകുപ്പ് ഒട്ടനവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുവാനും സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടിയും ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ ഓരോ വ്യക്തിയെയും കൃഷിയിലേക്ക് ആകർഷിച്ച് സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകി അതുവഴി കാർഷികമേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ "ഞങ്ങളും കൃഷിയിലേക്ക്" എന്ന പരിപാടി ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി ഉണ്ടായിട്ടുള്ള " കൃഷിക്കൂട്ടങ്ങൾ" പൂർണ്ണ സജ്ജമാകുന്നതോടെ കേരളത്തിലെ കാർഷിക മേഖലയിൽ പുത്തനുണർവ് ഉണ്ടാക്കുവാൻ സാദ്ധ്യമാകും. ഉല്പാദന മേഖലയോടൊപ്പം സേവന വിപണന മൂല്ല്യ വർദ്ധനവ് മേഖലയിലെ കൃഷിക്കൂട്ടങ്ങളുടെ സഹായത്തോടെ ഉല്പാദന വിപണന പ്ലാൻ സജ്ജമാക്കുവാനും നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br><br>ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ നിലവിലുള്ള വിസ്തൃതി നിലനിർത്തുന്നതിനോടൊപ്പം വിസ്തൃതി വ്യാപന പദ്ധതി, തരിശു നില കൃഷി എന്നിവ കൂടി നടപ്പിലാക്കി വരുന്നു. തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി, സമ്മിശ്രകൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുന്നതിന് സമഗ്രവികസന പദ്ധതിയായ കേരഗ്രാമം, ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തടം തുറക്കൽ, വളപ്രയോഗം, കീടരോഗ നിയന്ത്രണം |

എന്നിവയ്ക്കായുള്ള പദ്ധതി (കേര രക്ഷാ വാരം) എന്നിവ ഈ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സംരക്ഷണംഎന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിൽ നിന്നും കൃഷിയിടാധിഷ്ഠിത വികസന സമീപനത്തിന് ഈ വർഷം തുടക്കമിടുന്നു. ഇതിനായി 4 പ്രത്യേക പദ്ധതികൾ പുതുതായി നടപ്പ വർഷം അനുവദിച്ചിട്ടുണ്ട്. കൃഷി വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, കേരള ഡിജിറ്റൽ സർവ്വകലാശാല എന്നിവയുമായി സഹകരിച്ചാണ് ഇവ നടപ്പാക്കുന്നത്.

2022-23 വർഷത്തിൽ കാർഷിക യന്ത്രവത്കരണ മേഖലയിൽ ഏകജാലക സംവിധാനങ്ങളായ 20 കൃഷിശ്രീ സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. കാർഷിക രംഗത്തെ തൊഴിലാളി ക്ഷാമം പരിഹരിക്കുക എന്നതാണ് ഈ പദ്ധതികളുടെ പ്രധാന ലക്ഷ്യം. കൂടാതെ കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നല്കുക, തൊഴിലാളി കുറവ് മൂലം തരിശായി കിടക്കുന്ന കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉല്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയും ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

**കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിനുവേണ്ടി കാർഷികോല്പന്നങ്ങൾക്കായി കാര്യക്ഷമമായ വിപണന സംവിധാന വികസനം, വിളവെടുപ്പിനുശേഷമുള്ള നഷ്ടം തടയുക, ഉയർന്ന വില ഉറപ്പുവരുത്തുന്നതിനായി മൂല്യവർദ്ധനവിന്റെ പ്രോത്സാഹനം തുടങ്ങിയവയ്ക്ക് ഊന്നൽ നൽകി ഈ സാമ്പത്തിക വർഷത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിപണി വികസനത്തിനുള്ള പദ്ധതികൾ, വില സ്ഥിരതയ്ക്കുള്ള വിപണി ഇടപെടൽ സഹായം, കേരള ഫാം ഫ്രഷ് പഴം പച്ചക്കറി - ബേസ് പ്രൈസ് പദ്ധതി, വിളവെടുപ്പിനുശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും എന്നീ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു.**

സെക്ഷൻ ഓഫീസർ